# ആയുധം കൊണ്ട് വഴിയുണ്ടാക്കരുത്

നമുക്ക് സഞ്ചരിക്കാനുള്ളതാണ് വഴി. അതെത്രയും നന്നാക്കാനാണ് നാം ശ്രമിക്കുക. തനിക്ക് കാലാകാലവും സൗകര്യപ്രദമായി അതിലൂടെ സഞ്ചരിക്കണമെന്നാണ് നാം ആഗ്രഹിക്കുന്നത്.

വഴിയുണ്ടാക്കുന്നത് മണ്ണിലാകാം. പാറയിലുമാകാം. മണ്ണ് ഉറച്ചതുണ്ടാകാം, അല്ലാത്തതുമുണ്ടാകാം. അവിടെയൊക്കെ വ്യത്യസ്ത ആയുധങ്ങളാണ് നാം ഉപയോഗിക്കുക.

എന്നാൽ ഈ വഴിക്ക് ചില പ്രത്യേകതകളുണ്ട്. അത് ആയുധം കൊണ്ടുണ്ടാക്കേണ്ടതല്ല. പിന്നെ എന്താ ചെയ്യുക?

പറഞ്ഞല്ലോ, ഈ വഴിക്ക് ചില പ്രത്യേകതകളുണ്ടെന്ന്. ഈ വഴി ഉണ്ടാക്കുന്നത് നിങ്ങളാണെങ്കിലും നിങ്ങൾക്ക് തനിയെ അതിലൂടെ സഞ്ചരിക്കാനാകില്ല. കാരണം, അത് വെട്ടുന്നത് മണ്ണിലൂടെയല്ല.

മനസ്സാണ് ആ വഴിയുടെ സ്ഥാനം. മനസ്സിൽ വഴിയുണ്ടാക്കേണ്ടത് ആയുധം കൊണ്ടാകരുത്, പുഞ്ചിരികൊണ്ടാകണം. ആ വഴിയാണ് കേട് വരാതെ നിലനിൽക്കുന്നതും കാലാകാലവും സുഖമായി യാത്ര ചെയ്യാനാകുന്നതും.

ശാന്തമായ സഞ്ചാരം, ഇടക്ക് അതിനെ വൃത്തിയാക്കലും ഭംഗി കൂട്ടലും, അതിലെ നടക്കുന്ന മറ്റുള്ളവർക്കു വേണ്ടി അതിനെ സൗകര്യപ്രദമാക്കൽ, നാശത്തിൽനിന്ന് സുക്ഷിതമാക്കൽ തുടങ്ങിയ പല കാര്യങ്ങളും വഴിയുടെ സംരക്ഷണത്തിന് ആവശ്യമാണ്. അത് എല്ലാവർക്കും സഞ്ചാരയോഗ്യവും സഞ്ചരിക്കുന്നവർക്ക് സുരക്ഷിതത്വവുമുള്ളതാകണം. ഇതൊക്കെ വഴിയുടെ വിശേഷണമാണ്. ഈ വഴി മനസ്സിലാണെങ്കിൽ?

ബന്ധങ്ങൾ ഊഷ്മളമായിരിക്കണം. ഒരു ബന്ധം ഉണ്ടായാൽ അത് പാവനമായി കാണണം. ആദരിക്കണം. കാത്തുസൂക്ഷിക്കണം. അത് ചുണ്ടിലും കാതിലും മാത്രം ഒതുങ്ങിയാൽ പോരാ, മനസ്സിൽ തന്നെ വേരുപിടിച്ചു തഴച്ചുവളരണം.

മറ്റു ജീവികൾ തമ്മിലുള്ള ബന്ധം പോലെയല്ല മനുഷ്യർ തമ്മിലുള്ള ബന്ധം. അനേകം ഭാവങ്ങളും ദൈർഘ്യവും അതിനുണ്ട്. മനസ്സിന്റെ ഭാവങ്ങൾക്കുമുണ്ടല്ലോ ഈ വ്യത്യാസം. ഹിംസ്രജന്തുക്കൾക്ക് ആയുധമില്ല. അവയുടെ അവയവം തന്നെയാണ് അവയുടെ ആയുധം. എന്നാൽ മനുഷ്യൻ അങ്ങനെയല്ല, അവൻ പലതിനും ആയുധം ഏന്തുന്നവനാണ്. പക്ഷേ, അത് മറ്റുള്ളവരെ നശിപ്പിക്കുന്നതിനാണ് പലപ്പോഴും അവൻ ഉപയോഗിക്കുക. ബന്ധങ്ങളിൽ ആയുധം പ്രയോഗിക്കരുത്.

മനുഷ്യരുടെ ആയുധം ഏന്തിയുള്ള പാരസ്പര്യം ശാന്തിയെ നശിപ്പിക്കും. അവയെ വേഗം വിസ്മരിക്കാനാണ് ജനം കൊതിക്കുക. അവക്കു മുമ്പിൽ ബന്ധങ്ങൾക്ക് സ്ഥാനമില്ല.

ബന്ധങ്ങൾ ഐശ്വര്യപൂർണവും നന്മയുള്ളതുമാണ്. പക്ഷേ, മറ്റുള്ളവരോട് ആദരവില്ലാത്തവനുമായുള്ള ബന്ധം ഖേദത്തിന് നിമിത്തമാകും. മനസ്സുകൾക്കനുസരിച്ചു മാത്രമേ ഓരോരുത്തരും ബന്ധങ്ങളെ സൂക്ഷിക്കുകയുള്ളു. എന്നാൽ അറിവും ബോധവുമുള്ളവർ നിസ്സാര കാര്യങ്ങൾക്കായി ബന്ധങ്ങളെ നശിപ്പിക്കുന്നതാണ് ദൗർഭാഗ്യകരം. അത് ദൈവത്തെ നീരസപ്പെടുത്തുന്ന കാര്യം.

ബന്ധം വിശ്വാസത്തിൽ അധിഷ്ഠിതമാകണം. സ്നേഹം നിറഞ്ഞതാകണം. ആരുടെയെങ്കിലും സ്നേഹം കരസ്ഥമാക്കാനായാൽ അവരുടെ വിശ്വാസ്യത ലഭിക്കും. അവിടെ മറ്റൊന്നും പ്രശ്നമാകില്ല. എന്നാൽ മറ്റുള്ളവർക്ക് വിശ്വസ്തനാകാതെ മറ്റുള്ളവർ നമ്മിൽ നിർഭയരാകില്ല. അത്തരം ആളുകളുമായുള്ള ബന്ധങ്ങൾക്ക് വിലയുണ്ടാവുകയില്ല.

ബന്ധങ്ങൾ വിശുദ്ധമാണ്, അതിനാൽ അത് ആത്മീയവുമാണ്. നന്മയുടെ സുന്ദര മായ ഓർമകളാകണം അതിന് ശക്തി നൽകേണ്ടത്.

ബന്ധങ്ങൾ ഊഷ്മളമായ രീതിയിൽ വളർത്തിയെടുക്കുകയും അവസാനം വരെ അത് പാവനമായി കാണുകയും വേണമെന്നാണ് സൂചിപ്പിച്ചത്.

ബന്ധങ്ങൾ ശരീരം പോലെയാണ്. ശരീരത്തിന്റെ വളർച്ചക്ക് പോഷകാഹാരം അനിവാര്യമാണ്. ഹാനികരമായ പദാർഥങ്ങൾ അതിനെ നശിപ്പിക്കും. അതുപോലെ ബന്ധം നിലനിൽക്കാൻ സന്മനസ്സോടെയുള്ള സൗഹൃദം ആവശ്യമാണ്. ആപത്കരമായതെല്ലാം മനുഷ്യബന്ധങ്ങളെ നശിപ്പിക്കും.

നശിക്കുന്നതിൽ വെച്ച് ഏറ്റവും വേഗം നശിച്ചുപോകുന്നതാണ് ബന്ധങ്ങൾ. ഔചിത്യമില്ലാത്ത ഒരു നോട്ടം, അസ്ഥാനത്തുള്ള ഒരു തമാശ, യുക്തമല്ലാത്ത ഒരു രഹസ്യം, ചെറിയ സംശയം, ഊഹം, തെറ്റിധാരണ ഇതൊക്കെ ബന്ധങ്ങളെ നശിപ്പിക്കുന്നതാണ്. മനസ്സുകളുടെയും സാഹചര്യങ്ങളുടെയും അവസ്ഥ മനസ്സിലാക്കി വേണംപെരുമാറുവാൻ. ദൗർഭാഗ്യ നിമിഷങ്ങൾ ബന്ധങ്ങളെ നശിപ്പിച്ചാലും അതിന്റെ ആദരണീയതയും പാവനതയും പാലിക്കപ്പെടുക തന്നെ വേണം. കാരണം, ബന്ധങ്ങളെ പിന്നെയും കൂട്ടിച്ചേർക്കേണ്ടിവരും.

ബന്ധങ്ങൾ രാഷ്ട്രീയത്തിനു വേണ്ടിയാകരുത്. അത് ദൈവത്തിനു വേണ്ടിയാകണം. അതിലാണ് വിശുദ്ധി.